"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ വൈറ്റില സോണൽഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ-ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1493/2025/LSGD തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. വിജിലൻസ്(എഫ്) വകുപ്പിൽ നിന്നുള്ള 18.10.2022-ലെ വിജി എഫ്2/262/2022-വിജി നം. കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 17.09.2022-ലെ ഇ10(എസ്.സി05/2022/ഇകെഎം) 19794/2022 നമ്പർ മിന്നൽപരിശോധനാറിപ്പോർട്ട്.
3. 19.12.2022-ലെ 206/ഇഡബ്ല്യൂഎ4/2022/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ബിൽഡിംഗ് ഇൻസ്പെക്ടർമാരായ ശ്രീമതി സിന്ധു പി.എസ്, ശ്രീമതി. ജിജി ജോസ് 26.03.24-ലും , ശ്രീ.ഹരിദാസ് ടി.കെ. 14.09.23-ലും സമർപ്പിച്ച പ്രതിവാദപത്രിക.
5. 14.12.2025-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/70226/2023-VIGC4 നമ്പർ കത്ത്.
6. GO(Rt) No.1335/2025/LSGD dated 30.05.25.

**<u>ഉത്തരവ്</u>**

കൊച്ചി കോർപറേഷൻ വൈറ്റില സോണൽഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിലെ പരാമർശം 2 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ തിരുമാനിക്കുകയും അതനുസരിച്ച് കൊച്ചി കോർപ്പറേഷനിലെ അസി.എക്സി.എഞ്ചിനിയർ ശ്രീ.ഹരിദാസ് ടി.കെ., വൈറ്റില സോണൽഓഫീസിലെ ബിൽഡിംഗ് ഇൻസ്പെക്ടർമാരായ ശ്രീമതി സിന്ധു പി.എസ്., ശ്രീമതി ജിജി ജോസ് എന്നിവർക്കെതിരെ പരാമർശം 3 പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതർ പരാമർശം 4 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, കൊച്ചി കോർപറേഷൻ വൈറ്റിലസോണൽ ഓഫീസിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കൊച്ചി കോർപറേഷൻ എക്സി. എഞ്ചിനീയർ ശ്രീ.ജോജി പോൾ (PEN: 493574)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

3. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ.ജോജിപോൾ(PEN:493574), എക്സി.എഞ്ചിനിയർ, കൊച്ചി കോർപറേഷൻ. (പരാമർശിത രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ) (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. ശ്രീ.ഹരിദാസ് ടി.കെ., അസി.എക്സി.എഞ്ചിനിയർ, തൃക്കാക്കര മുനിസിപ്പാലിറ്റി (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3. ശ്രീമതി.സിന്ധു.പി.എസ്, ബിൽഡിംഗ് ഇൻസ്പെക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4. ശ്രീമതി.ജിജി ജോസ്, ബിൽഡിംഗ് ഇൻസ്പെക്ടർ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 18-06-2025 14:29:05
സെക്ഷൻ ഓഫീസർ